# എറണാകുളം - അങ്കമാലി അതിരൂപത

## വിശ്വാസപരിശീലനകേന്ദ്രം

## ഒന്നാം സെമസ്റ്റർ പരീക്ഷ

**07.10.2018** **മാർക്ക് - 50**

**10.30AM-12.30PM** **STD - V** **സമയം - 2 മണിക്കൂർ**

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

**A. ഏറ്റവും ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക** **1x 5=5**

1. 'ദൈവവുമായി മൽപ്പിടുത്തം നടത്തുന്നവൻ' എന്ന് അർത്ഥം വരുന്ന പദം

   1. ഫിലിസ്ത്യൻ 2. ഇസ്രായേൽ 3. യഹൂദൻ

2. ഇസ്രായേൽ ജനത ആരുടെ നേതൃത്വത്തിലാണ് ഈജിപ്തിൽ നിന്ന് മോചിതരായത്?

   1. അബ്രാഹം 2. അഹറോൻ 3. മോശ

3. പുതിയനിയമ ദൈവജനത്തെ നയിക്കുന്നത് ആരാണ്

   1. ശ്ലീഹന്മാരും പിൻഗാമികളും 2. ഗോത്രപിതാക്കന്മാർ 3. പ്രവാചകന്മാർ

4. സുകൃതസമ്പാദനത്തിൽ ആരെയും മുന്നിലാകാൻ അനുവദിക്കില്ല എന്ന തീക്ഷണതയിൽ ജീവിച്ച വിശുദ്ധ

   1. വി. കൊച്ചുത്രേസ്യ 2. സി. റാണിമരിയ 3. സി.ഷന്താൾ

5. അബ്രാഹം ഇസഹാക്കിനെ ബലിയർപ്പിക്കാൻ ഒരുങ്ങിയ സംഭവം വിവരിക്കുന്ന പുസ്തകം ഏത്?

   1. ഉത്പത്തി 2. പുറപ്പാട് 3. ലേവ്യർ

**B. പൂരിപ്പിക്കുക** **1x 5=5**

6. വിശ്വാസത്തോടെ ദൈവവചനം കേൾക്കുകയും അതനുസരിച്ച് ജീവിക്കുകയും ചെയ്യുന്നവർക്കു നിത്യമായ രക്ഷയും————ഉണ്ടാകും.

7. പഴയ നിയമത്തിൽ———പുസ്തകങ്ങളും പുതിയനിയമത്തിൽ———പുസ്തകങ്ങളും ഉണ്ട്.

8. പാപത്തിന്റെ ബന്ധനങ്ങളില്ലാതെ ഈ ലോകത്തിലൂടെ സഞ്ചരിക്കാൻ വിളിക്കപ്പെട്ടവരാണ്————

9. സ്നേഹമുള്ള ദൈവപിതാവ് തന്റെ മക്കൾക്ക് ശ്രദ്ധാപൂർവ്വം നല്കിയ സമ്മാനമാണ് ————

10. "അവൻ ———— എന്നുവിളിക്കപ്പെടും എന്ന പ്രവാചകൻ വഴി അരുളിച്ചെയ്യപ്പെട്ടത് നിവൃത്തിയാകുവാൻ ———— എന്ന പട്ടണത്തിൽ അവൻ ചെന്നുപാർത്തു" (മത്ത 2,23)

## C. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരം എഴുതുക 2X6=12

11. പഴയനിയമഗ്രന്ഥങ്ങൾ രൂപപ്പെട്ടത് എങ്ങനെ?
12. യാക്കോബിന്റെ ദൈവാനുഭവം ഏതുവിധത്തിലാണ് നമ്മുടേതായി മാറുന്നത്?
13. വി. അൽഫോൻസായുടെ പുണ്യവചനവും തിരുനാൾ ദിനവും എഴുതുക?
14. തങ്ങളെ തടവിലാക്കുമെന്ന് കരുതി ഭയന്ന സഹോദരൻമാരെ ധൈര്യപ്പെടുത്തിക്കൊണ്ട് ജോസഫ് പറഞ്ഞത് എന്ത്?
15. കർത്താവായ ക്രിസ്തു ജനിച്ചിരിക്കുന്നു എന്നതിന് ദൈവദൂതൻ ആട്ടിടയരോട് പറഞ്ഞ അടയാളം എന്ത്?
16. ദൈവകൽപനകളിൽ ആദ്യത്തെ എട്ടെണ്ണം എഴുതുക.

## D. മൂന്ന് ചോദ്യങ്ങളിൽ രണ്ടെണ്ണത്തിന് ഒരു ഖണ്ഡിക (പാരഗ്രാഫ്) വീതം എഴുതുക. 4X2=8

17. ഇസ്രായേൽക്കാരുടെ മരുഭൂമിയാത്ര തീർത്ഥാടകസഭയാകുന്ന നമുക്ക് നൽകുന്ന പാഠം എന്ത്?
18. അബ്രാഹം വിശ്വാസികളുടെ പിതാവായി തീർന്നത് എങ്ങനെ?
19. ദൈവം മോശക്ക് കൽപ്പനകൾ നല്കുന്നതും മോശയും ജനവും ദൈവവുമായുള്ള ഉടമ്പടി ഉറപ്പിച്ച് മുദ്രവക്കുന്നതുമായ സംഭവം വിവരിക്കുക.

## E. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക 5X1=5

20. ഈശോ നസ്രത്തിലെ തിരുകുടുംബത്തിൽ മാതാപിതാക്കൾക്കു വിധേയനായി വളർന്നതുപോലെ മാതാപിതാക്കളെയും കുടുംബാംഗങ്ങളെയും സ്നേഹിച്ചും സഹായിച്ചും കുടുംബത്തിന്റെ ഒരു അനുഗ്രഹമായി തീരാൻ നിങ്ങൾ എന്തൊക്കെ ചെയ്യുമെന്ന് വിശദീകരിക്കുക

21. ഇന്റേണൽ അസ്സെസ്സ്മെന്റ്: കാണുക *വചനദീപം* 32–33

# ഉത്തര സൂചിക അഞ്ചാം ക്ളാസ് - ഒന്നാം സെമസ്റ്റർ

1. ഇസ്രായേൽ L3 Page-25, 4TH Paragraph
2. മോശ L6, Page-46,1ST Paragraph
3. ശ്ലീഹൻമാരും,പിൻഗാമികളും L4, Page-32, 4ST Paragraph
4. വി. കൊച്ചുത്രേസ്യ
5. ഉത്പത്തി 22:1-18, L2, Page-20, 1ST Paragraph
6. ജീവനും L1, Page 11, 2ND Paragraph
7. 46, 27. L1, Page-9, 1ST Paragraph
8. സഭയിലെ അംഗങ്ങൾ L7, Page-53, 2ND Paragraph
9. പ്രമാണങ്ങൾ L8, Page-59, 2ND Paragraph
10. നസ്രായൻ, നസ്രത്ത് (വി.മത്തായി 2:23)

11. തങ്ങളോടൊത്ത് നിരന്തരം വസിച്ചു തങ്ങളെ പരിപാലിച്ച സർവ്വശക്തനായ ദൈവത്തെ ഇസ്രായേൽക്കാർ ഒട്ടേറെ ചരിത്ര സംഭവങ്ങളിലൂടെ അനുഭവിച്ചറിഞ്ഞു. തങ്ങളുടെ ദൈവാനുഭവത്തെ വരും തലമുറകൾക്കു കൈമാറാൻ അവർ ആഗ്രഹിച്ചതിൻറെ ഫലമായാണ് പഴയനിയമ ഗ്രന്ഥങ്ങൾ രൂപം കൊണ്ടത് (Lesson 1, Page 12)
12. ദൈവത്തിൻറെ വഴികൾ എത്രയോ അഗ്രാഹ്യമാണെന്നു യാക്കോബിൻറെ അനുഭവങ്ങൾ നമ്മെ ഓർമിപ്പിക്കുന്നു.ജീവിതത്തിലെ.....(Lesson 3, Page 25)
13. ജൂലൈ 28, എളിമയാണ് സുകൃതങ്ങളുടെ രാജ്ഞി എളിമപ്പെടാൻ ലഭിക്കുന്ന ഏതവസരവും വലിയ ഭാഗ്യമായി ഞാൻ കരുതുന്നു.
14. എന്നെ ഇവിടെ വിറ്റതോർത്തു നിങ്ങൾ വിഷമിക്കുകയൊ വിഷാദിക്കുകയോ വേണ്ട------------ ദൈവമാണ് എന്നെ ഇങ്ങോട്ടയച്ചത് (Lesson 4, Page 31)
15. പിള്ളക്കച്ച കൊണ്ട് പൊതിഞ്ഞു പുൽത്തൊട്ടിയിൽ കിടത്തിയിരിക്കുന്ന ഒരു ശിശുവിനെ നിങ്ങൾ കാണും (Bible ലൂക്ക 2 :12 )
16. നമസ്കാരങ്ങൾ no. 9
17. പാപത്തിൻറെ ബന്ധനങ്ങളില്ലാതെ ലോകത്തിലൂടെ സഞ്ചരിക്കാൻ വിളിക്കപെട്ടവരാണ് സഭയിലെ അംഗങ്ങൾ. മോശ ഇസ്രായേൽക്കാരെ നയിച്ചതുപോലെ സഭയും വിശ്വാസികളെ നയിക്കുന്നു. തീർത്ഥാടകരായ വിശ്വാസികളെ സ്വർഗ്ഗരാജ്യത്തിൽ എത്തിക്കുക എന്നതാണ് സഭയുടെ ലക്ഷ്യം. പ്രതിസന്ധികളും പ്രശ്നങ്ങളും ഉണ്ടാകും. ദൈവം ഇന്ന് നമ്മുടെ ജീവിതസാഹചര്യങ്ങളിലും സജീവമായി ഇടപെടുന്നുണ്ട്. നമ്മെ കാണുന്നുണ്ട് നമ്മുടെ പ്രവർത്തികൾ അറിയുന്നുണ്ട്. നാം അവിടുത്തെ സ്വരം തിരിച്ചറിയുകയും അവിടുന്ന് നിർദ്ദേശിക്കുന്ന പാതയിലൂടെ സഞ്ചരിക്കുകയും ചെയ്താൽ മതി (Lesson 7, Page 53)
18. ദൈവത്തിലുള്ള ശരിയായ വിശ്വാസം നിമിത്തമാണ് -. ജീവിതം മുഴുവൻ ദൈവത്തോടുള്ള അചഞ്ചലമായ വിശ്വാസം. ദൈവത്തിൻറെ വാഗ്ദാനത്തിൽ വിശ്വസിച്ചു. ദൈവത്തിൻറെ ഇഷ്ടമെന്തോ അത് വിശ്വസിച്ചു നിറവേറ്റാൻ തയ്യാറായി. തൻറെ ഉറച്ച വിശ്വാസം പ്രവൃത്തിയിൽ പ്രകടമാക്കി (Lesson 2, Page 18-19)
19. കൽപനകൾ നൽകുന്നു, ഉടമ്പടി ഉറപ്പിക്കുന്നു. (വിശദീകരണം പുസ്തകം കാണുക Lesson 8, 58-59)

# എറണാകുളം - അങ്കമാലി അതിരൂപത
## വിശ്വാസപരിശീലനകേന്ദ്രം
## ഒന്നാം സെമസ്റ്റർ പരീക്ഷ

05.11.2017 | മാർക്ക് - 50
10.30 am - 12.30 pm | **STD - V** | സമയം - 2 മണിക്കൂർ

***നിർദ്ദേശങ്ങൾ:*** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

**A. ഏറ്റവും ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക** **1x 5=5**

1. പഴയനിയമത്തിന്റെ പൂർത്തീകരണം.
   1. പഞ്ചഗ്രന്ഥി 2. സുവിശേഷങ്ങൾ 3. പുതിയനിയമം
2. ഇസ്രായേലിന് ഈജിപ്തിൽ എത്തിച്ചേരാൻ ദൈവം വഴി ഒരുക്കിയത് ആരിലൂടെയാണ്?
   1. മോശ 2. അബ്രാഹം 3. ജോസഫ്
3. 'ജനതകളുടെ പിതാവ്' എന്ന് വിളിക്കപ്പെടുന്ന പൂർവ്വ പിതാവ് ആര്?
   1. ഇസഹാക്ക് 2. യാക്കോബ് 3.അബ്രാഹം
4. ഇസ്രായേൽക്കാർ ചെയ്ത ഏറ്റവും വലിയ പാപം.
   1. മിശ്രവിവാഹം 2. വിഗ്രഹാരാധന 3. സാബത്ത് ലംഘനം
5. ലൂക്കായുടെ സുവിശേഷത്തിന്റെ വിശേഷണം.
   1. കരുണയുടെ സുവിശേഷം 2. സഭാത്മക സുവിശേഷം 3. ജീവന്റെ സുവിശേഷം

**B. പൂരിപ്പിക്കുക** **1x 5=5**

6. മോശയുടെ നിയമത്തിന്റെ രത്നചുരുക്കമാണ് ————.
7. മരുഭൂമിയിലെ യാത്രയ്ക്കിടയിൽ പാളയത്തിനു പുറത്ത് അകലെയായി മോശ അടിച്ചിരുന്ന കൂടാരത്തെ ————എന്നാണ് മോശ വിളിച്ചിരുന്നത്.
8. 'സ്വർഗീയ സൈന്യത്തിന്റെ ഒരു വ്യൂഹം ആ ദൂതനോടുകൂടെ പ്രത്യക്ഷപ്പെട്ട് ദൈവത്തെ സ്തുതിച്ചുകൊണ്ട് പറഞ്ഞു: ————.
9. യാക്കോബിന്റ സന്തതി പരമ്പരകൾ ———എന്നു വിളിക്കപ്പെടും.
10. ദൈവം മോശയോട് അരുളിചെയ്തു: 'അടുത്തുവരരുത്, നിന്റെ ചെരിപ്പ് അഴിച്ചു മാറ്റുക. എന്തുകൊണ്ടെന്നാൽ ————.

**C. രണ്ടോ മൂന്നോ വാചകങ്ങളിൽ ഉത്തരമെഴുതുക** **6x 2=12**

11. പുതിയ നിയമഗ്രന്ഥത്തിന്റെ കേന്ദ്രബിന്ദു ആര് ? പുതിയനിയമത്തിലൂടെ എന്താണ് നമുക്ക് ലഭിക്കുന്നത്?
12. അബ്രാഹത്തിന്റ ജീവിതകഥ നമ്മുടെ ജീവിതത്തിന് നൽകുന്ന സന്ദേശം എന്താണ്?

13. പുതിയനിയമ ജനമായ നമ്മൾ ആചരിക്കുന്ന പെസഹാത്തിരുനാൾ എന്താണ് നമ്മെ ഓർമ്മപ്പെടുത്തുന്നത്?

14. 'രണ്ടാം ക്രിസ്തു' എന്നറിയപ്പെടുന്ന വിശുദ്ധനാരാണ്? അങ്ങനെ വിളിക്കപ്പെടാനുള്ള കാരണം എന്ത്?

15. കാരുണ്യപ്രവൃത്തികൾ എത്ര? ശാരീരികങ്ങൾ എഴുതുക

16. ചേരുംപടി ചേർക്കുക

ബൈബിൾ - പുതിയ ദൈവജനം
ബഥേൽ - ഊർ
സഭ - ദൈവത്തിന്റെ ഭവനം
അബ്രാഹം - ദൈവത്തിന്റെ സന്ദേശം

## D. മൂന്ന് ചോദ്യങ്ങളിൽ രണ്ടെണ്ണത്തിന് ഒരു ഖണ്ഡിക (പാരഗ്രാഫ്) വീതം എഴുതുക.

**4x 2=8**

17. പുതിയനിയമ ജനമായ സഭയും ഒരു തീർത്ഥാടകസമൂഹമാണ് എന്ന് പറയാൻ കാരണമെന്ത്?

18. ദൈവം മോശയെ ഈജിപ്തിലേക്ക് അയച്ചപ്പോൾ നൽകിയ മൂന്ന് അടയാളങ്ങൾ ഏതെല്ലാം ?

19. 'പുതിയ ഉടമ്പടിയും പുതിയ കൽപനയും'. വിശദീകരിക്കുക

## E. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക **1x 5=5**

20. 'ജീവിക്കുന്നതിലെ സന്തോഷം' എന്നതാണല്ലോ 2017-2018 ലെ വിശ്വാസ പരിശീലനത്തിന്റെ പ്രമേയം. ഇതിന്റെ വെളിച്ചത്തിൽ നിങ്ങളുടെ ജീവിതവും നിങ്ങളിലൂടെ മറ്റുള്ളവരുടെ ജീവിതവും എങ്ങനെ സന്തോഷകരമാക്കാം എന്നു വിശദീകരിക്കുക.

21. ഇന്റേണൽ അസ്സെസ്സ്മെന്റ് : വചനദീപം പേജ് 27 - 28 15

# അഞ്ചാം ക്ലാസ്സ് – ഉത്തരങ്ങൾ
# ഒന്നാം സെമസ്റ്റർ പരീക്ഷ – നവംബർ 05, 2017.

**A.ബ്രാക്കറ്റിൽ നിന്നും ഏറ്റവും ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക (1x5)**

1. 1/12 പുതിയ നിയമം
2. 4/32 ജോസഫ്
3. 2/18 അബ്രാഹം
4. 9/63 വിഗ്രഹാരാധന
5. Sathyadeepam 2017 Aug-31,Sept 6. കരുണയുടെ സുവിശേഷം

**B. പൂരിപ്പിക്കുക. (1x5)**

6. 9/65 പത്തുകല്പനകൾ
7. 7/52 സമാഗമകൂടാരം
8. ലൂക്ക 2:13-14 അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം, ഭൂമിയിൽ ദൈവകൃപ ലഭിച്ചവർക്കു സമാധാനം.
9. 3/25 ഇസ്രായേൽ ജനത
10. 5/37 നീ നിൽക്കുന്ന സ്ഥലം പരിശുദ്ധമാണ്.

**C. രണ്ടോ മൂന്നോ വാചകങ്ങളിൽ ഉത്തരമെഴുതുക (2x6)**

11. 1/12, (2nd Para) ഈശോയുടെ ജീവിതമാണ് കേന്ദ്രബിന്ദു. ദൈവപുത്രനായ ഈശോയിലൂടെയും അവിടുത്തെ അപ്പസ്തോലന്മാരിലൂടെയും ദൈവം നൽകുന്ന സന്ദേശങ്ങളാണ് നമുക്ക് ലഭിക്കുന്നത്. ലോകരക്ഷകനായ ഈശോയെയും അവിടുത്തെ പ്രബോധനങ്ങളെയും വിവരിക്കുന്നവയാണ് നാലു സുവിശേഷങ്ങൾ
12. 2/19, (2nd Para) വിശ്വാസ ജീവിതത്തിൽ ഉത്തമ മാതൃകയാണ്. വിശ്വാസം പരീക്ഷിക്കപ്പെടുന്ന സന്ദർഭങ്ങൾ നമ്മുടെ ജീവിതത്തിലും ഉണ്ടാകാം. അപ്പോഴെല്ലാം ദൈവത്തിലുള്ള അടിയുറച്ച വിശ്വാസം വാക്കിലും പ്രവൃത്തിയിലും പ്രകടിപ്പിക്കാൻ നമുക്കു കഴിയണം.
13. 6/46, (1st & 2nd Para) ഇസ്രായേൽ ജനം ഈജിപ്തിലെ അടിമത്വത്തിൽ നിന്നും സ്വാതന്ത്ര്യത്തിലേക്ക് കടന്നുപോയതിന്റെ ഓർമ്മയാണ് പെസഹാതിരുനാളിലൂടെ ഇസ്രായേൽ ജനത ആചരിച്ചിരുന്നത്. പാപത്തിന്റെ അടിമത്വത്തിൽ നിന്നും മനുഷ്യവർഗം മോചിതമായതിന്റെ ഓർമ്മയാണ് പുതിയ പെസഹായിൽ ആചരിക്കുന്നത്. ഈശോയുടെ കുരിശുമരണം വഴിയാണ് മനുഷ്യൻ പാപത്തിൽ നിന്നും മോചിതനായത്.
14. Saints-Page-11,(3rd Para) വി. ഫ്രാൻസീസ് അസ്സീസ്സി. അത്രമേൽ ക്രിസ്തുവിന്റെ സുവിശേഷം പാലിക്കാൻ അസ്സീസ്സി ശ്രമിച്ചു. തൽഫലമായി ക്രിസ്തുവിന്റെ അഞ്ചുതിരുമുറിവുകൾ അദ്ദേഹത്തിന്റെ ശരീരത്തിൽ ഏറ്റുവാങ്ങുവാൻ ഭാഗ്യമുണ്ടായി. ഫ്രാൻസീസ് ഒരു പുണ്യവാനാണെന്ന് ജനങ്ങൾ വിശ്വസിച്ചു. അനേകം രോഗികളെ അദ്ദേഹം സുഖപ്പെടുത്തി.
15. Namaskarangal page 13; no. 18. പതിനാല്. ശാരീരികങ്ങൾ ഏഴാണ് എഴുതേണ്ടത്.
16. ബൈബിൾ - ദൈവത്തിന്റെ സന്ദേശം; ബഥേൽ - ദൈവത്തിന്റെ ഭവനം; സഭ - പുതിയ ദൈവ ജനം; അബ്രാഹം - ഊർ

**D. മൂന്ന് ചോദ്യങ്ങളിൽ രണ്ടെണ്ണത്തിന് ഉത്തരമെഴുതുക. മിനിമം അരപേജ് ഉണ്ടായിരിക്കണം. വിശദീകരണത്തേക്കാളുപരി. പ്രധാനപ്പെട്ട ആശയങ്ങൾ ഉണ്ടോയെന്ന് പരിശോധിക്കുക.** (4x**2**)

17.7/53. പാപത്തിന്റെ ബന്ധനങ്ങളിലില്ലാതെ ഈ ലോകത്തിലൂടെ സഞ്ചരിക്കാൻ വിളിക്കപ്പെട്ടവരാണ് സഭയിലെ അംഗങ്ങൾ. മോശ ഇസ്രായേൽക്കാരെ നയിച്ചതുപോലെ സഭയും വിശ്വാസികളെ നയിക്കുന്നു. സഭയുടെ ലക്ഷ്യം തീർത്ഥാടകരായ വിശ്വാസികളെ സ്വർഗ്ഗരാജ്യത്തിൽ എത്തിക്കുകയെന്നതാണ്. കൂടാരത്തിനുമുകളിൽ ഇസ്രായേൽക്കാരോടൊപ്പം ഉണ്ടായിരുന്ന ദൈവം നമ്മുടെ ജീവിത സാഹചര്യങ്ങളിലും സജീവമായി ഇടപെടുന്നുണ്ട്. നമ്മെ കാണുന്നുണ്ട്. നമ്മുടെ പ്രവൃത്തികൾ അറിയുന്നുണ്ട്. അവിടുത്തെ സ്വരം തിരിച്ചറിഞ്ഞ്, അവിടുന്ന് നിർദ്ദേശിക്കുന്ന പാതയിലൂടെ സഞ്ചരിച്ചാൽ നമുക്ക് നമ്മുടെ ജീവിത ലക്ഷ്യമായ സ്വർഗ്ഗരാജ്യത്തിൽ എത്തിച്ചേരാം.

18.5/38 മോശയെ ശക്തിപ്പെടുത്തുന്നതിനായി മൂന്ന് അടയാളങ്ങൾ നൽകി. 1. ദൈവം നിർദ്ദേശിച്ച പ്രകാരം മോശ കൈയ്യിലിരുന്ന വടി നിലത്തിട്ടപ്പോൾ അത് സർപ്പമായി മാറി. ദൈവകല്പന പ്രകാരം കൈനീട്ടി അതിന്റെ വാലിൽ പിടിച്ചപ്പോൾ അതു വടിയായി തീർന്നു. 2. ദൈവം നിർദ്ദേശിച്ച പ്രകാരം കൈ മാറിടത്തിൽ വച്ചു കൈ തിരിച്ചെടുത്തപ്പോൾ അത് മഞ്ഞുപോലെ വെളുത്ത് കുഷ്ഠമുള്ളതായി കാണപ്പെട്ടു. ദൈവകല്പന പ്രകാരം വീണ്ടും കൈ വച്ച് തിരിച്ചെടുത്തപ്പോൾ പഴയതുപോലെയായി. 3. നീ നദിയിൽ നിന്നും വെള്ളമെടുത്തു കരയിൽ ഒഴിക്കുക. നദിയിൽ നിന്നു എടുക്കുന്ന ജലം കരയിൽ രക്തമായി മാറും.

19.8/58-59 പുതിയ ഇസ്രായേലായ സഭ രൂപം കൊണ്ടത് പുതിയൊരു ഉടമ്പടിയിലൂടെയാണ്. ദൈവപുത്രനായ ഈശോയിലൂടെയാണ് ഈ ഉടമ്പടി ഉറപ്പിക്കപ്പെട്ടത്. അവസാന അത്താഴവേളയിൽ ഈശോ പുതിയ പ്രമാണം നൽകി. അതിനുശേഷമാണ് ഉടമ്പടി സ്ഥാപിച്ചത്. പുതിയ കല്പന ഇതാണ് "ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ. നിങ്ങൾക്ക് പരസ്പരം സ്നേഹമുണ്ടെങ്കിൽ എന്റെ ശിഷ്യന്മാരാണെന്ന് അതുമൂലം എല്ലാവരും അറിയും. ഈശോ നൽകിയ സ്നേഹത്തിന്റെ കല്പന അനുസരിക്കാൻ കടപ്പെട്ടവരാണ് സഭാ മക്കളായ നമ്മൾ പഴയ പ്രമാണങ്ങളെയും പഴയ ഉടമ്പടിയേയും പൂർത്തീകരിച്ച ഈശോ നൽകിയ പുതിയ കല്പനയാണ് സ്നേഹത്തിന്റെ കല്പന.

**E. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക** **(5x1)**

20.

21. ഇന്റേണൽ അസ്സസ്സ്മെന്റ്. (10 +5 = 15)

# എറണാകുളം – അങ്കമാലി അതിരൂപത മതബോധനകേന്ദ്രം
# സൺഡേ സ്ക്കൂൾ ഒന്നാം സെമസ്റ്റർ പരീക്ഷ

**06 - 11 - 2016** | **മാർക്ക് – 50**

**10.30 am - 12.30 pm** | **ഉത്തരസൂചിക** | **സമയം – 2 മണിക്കൂർ**

## STD - V

***നിർദ്ദേശങ്ങൾ:*** *ഉത്തരങ്ങൾ എഴുതുമ്പോൾ ചിത്രങ്ങൾ വരയ്ക്കണമെന്നത് നിർബന്ധമില്ല. ചോയ്സ് നൽകിയിട്ടുള്ള വിഭാഗങ്ങൾ പ്രത്യേകം ശ്രദ്ധിക്കുക. ബ്രാക്കറ്റിൽ പറഞ്ഞിരിക്കുന്ന എണ്ണത്തിനു മാത്രമാണ് കുട്ടികൾ ഉത്തരമെഴുതാൻ ഉദ്ദേശിച്ചിട്ടുള്ളത്. കൂടുതൽ എഴുതിയാലും ആദ്യം എഴുതിയിരിക്കുന്നവയാണ് പരിഗണിക്കേണ്ടത്.*

**ഒറ്റവാക്കിൽ ഉത്തരമെഴുതുക:** **1x 5=5**

1. ബിബ്ലിയ – 1/9
2. നല്ല സമരിയാക്കാരന്റെ ഉപമ – ലൂക്ക. 10:25
3. ഡൊമിനിക് സാവിയൊ – വിശുദ്ധരെ അറിയാൻ പേജ് 14
4. അയ്യായിരം – മത്താ. 14:21
5. ഫാ. ജോസ് തച്ചിൽ – 2016 സത്യദീപം ജൂലൈ7-23 –

**ബ്രാക്കറ്റിൽനിന്നും ഏറ്റവും ശരിയായ ഉത്തരം എടുത്തെഴുതുക.** **1x 5=5**

6. പ്രമാണങ്ങൾ – 8/59
7. 73 – 1/9
8. സൂര്യകീർത്തനം – വിശുദ്ധരെ അറിയാൻ പേജ് 11
9. സായാഹ്നം – മത്തായി 14:15
10. പോളണ്ട് – സത്യദീപം ആഗസ്റ്റ് 18-24/2016

**ദൈവവചനം എഴുതുക (ഏതെങ്കിലും രണ്ടെണ്ണം)** **1½ x2=3**

11. 3/24. ഉൽപ്പത്തി 28:15 – ഇതാ ഞാൻ നിന്നോടു........................
12. 8/59. യോഹന്നാൻ 13:35 – ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ..................
13. 6/47. പുറപ്പാട് 15:2 – കർത്താവ് എന്റെ ശക്തിയും ..................

**ഉത്തരം എഴുതുക (ഏതെങ്കിലും മൂന്നെണ്ണം)** **2½ x 3=7½**

14. ചേരുംപടി ചേർക്കുക

| | | |
|---|---|---|
| യാക്കോബ് | – | ദൈവവുമായി മൽപ്പിടുത്തം നടത്തുന്നവൻ (3/25) |
| മോശ | – | ഇസ്രായേലിന്റെ നേതാവ് (5/38) |
| ജോസഫ് | – | ഈജിപ്റ്റിന്റെ ഗവർണ്ണർ (4/31) |
| അബ്രാഹം | – | ജനതകളുടെ പിതാവ് (2/18) |
| ഇസഹാക്ക് | – | വാഗ്ദാനപുത്രൻ (3/22) |

15. 9/65
16. പട്ടിക ക്രമപ്പെടുത്തുക. 2/17, 18

അബ്രാഹം ദൈവകല്പന അനുസരിക്കുവാൻ തീരുമാനിച്ചു. അബ്രാഹം ഇസഹാക്കിനെയുംകൊണ്ട് മോറിയാ മലയിലേക്കു പോയി. ഇസഹാക്ക് ചോദിച്ചു. 'വിറകും തീയും ഉണ്ടല്ലോ. ബലിക്കുള്ള കുഞ്ഞാട് എവിടെ?' ഇസഹാക്കിനെ ബന്ധിച്ച് വിറകിനു മുകളിൽ കിടത്തി. മകനെ ബലികഴിക്കാൻ അദ്ദേഹം കത്തിയെടുത്തു. തൽക്ഷണം കർത്താവിന്റെ ദൂതൻ അബ്രാഹത്തെ വിളിച്ചു. ദൈവദൂതൻ പറഞ്ഞു. 'കുട്ടിയുടെ മേൽ കൈ വയ്ക്കരുത്.' അബ്രാഹം തല ഉയർത്തി നോക്കിയപ്പോൾ കൊമ്പുടക്കിക്കിടക്കുന്ന കുഞ്ഞാടിനെ കണ്ടു. ഇസഹാക്കിനു പകരം മുട്ടാടിനെ ബലിയർപ്പിച്ചു.

17. ഉടമ്പടി പുഷ്പം : 9/64

ദൈവത്തിന്റെ സ്വന്തം ജനമായി തീർന്നു. ദൈവത്താൽ തെരെഞ്ഞെടുക്കപ്പെട്ട ജനമായി തീർന്നു. ദൈവത്താൽ നയിക്കപ്പെടുന്ന ജനമായി തീർന്നു. ദൈവത്തിനു ബലിയർപ്പിക്കുന്ന പുരോഹിതജനമായി തീർന്നു.

**ഉത്തരമെഴുതുക (ഏതെങ്കിലും ഒരെണ്ണം)** **2½x1=2½**

18. വിശുദ്ധരെ അറിയാൻ - 2/15
19. വിശുദ്ധരെ അറിയാൻ - 1/10

**നമസ്കാരങ്ങൾ** **2½x2=5**

20. നമസ്കാരങ്ങൾ - പേജ് 13
21. നമസ്കാരങ്ങൾ - പേജ് 12

**ഖണ്ഡിക എഴുതുക ( ഏതെങ്കിലും ഒരെണ്ണം)** **3x1=3**

22. 4/32
23. 5/38

**24. പൊതുചോദ്യം (ലഘുവിവരണം)** **4**

25. **ഇന്റേണൽ അസ്സെസ്സ്മെന്റ്** **15**

35 മാർക്കിനുള്ള ചോദ്യങ്ങളും 15 മാർക്കിന് ഇന്റേണൽ അസ്സെസ്സ്മെന്റുമാണ് പരീക്ഷയ്ക്കുള്ളത്. അധ്യയന വർഷത്തിന്റെ ആരംഭം മുതൽ ഇന്റേണൽ അസ്സെസ്സ്മെന്റ് കൃത്യമായി രേഖപ്പെടുത്തുന്നുണ്ടാകുമല്ലോ. (വചന ദീപം പേജ് 25 കാണുക) പരീക്ഷയ്ക്ക് 35-ൽ കിട്ടുന്ന മാർക്കും ഇന്റേണൽ അസ്സെസ്സ്മെന്റ് 15 ൽ കിട്ടുന്ന മാർക്കും ഒരുമിപ്പിച്ച് പേപ്പറിൽ മാർക്കിടണം. ഉദാ. 35-ൽ 28ഉം 15-ൽ 12ഉം കിട്ടിയ ഒരു കുട്ടിക്ക് 28/35 + 12/15 = 40/50 എന്ന് പേപ്പറിന്റെ മുകളിൽ എഴുതണം. അങ്ങനെ 35-ൽ 28ഉം മൊത്തത്തിൽ 40ഉം അതിൽ കൂടുതലും കിട്ടുന്ന പേപ്പറുകളാണ് അതിരൂപതയിലേക്ക് അയയ്ക്കേണ്ടത്. സ്കോളർഷിപ്പിന് അർഹരാകുന്ന കുട്ടികളുടെ ഇന്റേണൽ അസ്സെസ്സ്മെന്റ് മാർക്കിന്റെ വിശദവിവരം അതിരൂപതയിൽനിന്നും ആവശ്യപ്പെടുമ്പോൾ നൽകാൻ (6 മാനദണ്ഡങ്ങൾക്കും പ്രത്യേകം പ്രത്യേകം : വചനദീപം പേജ് 25 കാണുക) അധ്യാപകർ തയ്യാറായിരിക്കണം.

# എറണാകുളം – അങ്കമാലി അതിരൂപത മതബോധനകേന്ദ്രം
## സൺഡേ സ്ക്കൂൾ ഒന്നാം സെമസ്റ്റർ പരീക്ഷ

**6 - 11 - 2016** | **STD - V** | **മാർക്ക് – 50**

**10.30 am - 12.30 pm** | | **സമയം – 2 മണിക്കൂർ**

***നിർദ്ദേശങ്ങൾ:*** *ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക. ഉത്തരങ്ങൾ എഴുതുമ്പോൾ ചിത്രങ്ങൾ വരയ്ക്കണമെന്നത് നിർബന്ധമില്ല. ചിത്രങ്ങളിൽ നൽകിയിരിക്കുന്ന ക്രമനമ്പർ എഴുതി ഉത്തരങ്ങൾ പൂർത്തിയാക്കാവുന്നതാണ്. ചോയ്സ് നൽകിയിട്ടുള്ള വിഭാഗത്തിൽ ബ്രാക്കറ്റിൽ പറഞ്ഞിരിക്കുന്ന എണ്ണത്തിനു മാത്രമെ ഉത്തരമെഴുതാവൂ.*

**ഒറ്റവാക്കിൽ ഉത്തരമെഴുതുക:** **1x 5=5**

1. ബൈബിൾ എന്ന വാക്കിന്റെ ഗ്രീക്കു പദം.
2. ആരാണ് എന്റെ അയൽക്കാരൻ എന്ന നിയമജ്ഞന്റെ ചോദ്യത്തിന് യേശു പറഞ്ഞ ഉപമ ഏത്?
3. മനുഷ്യർക്കു മാലാഖമാരെപ്പോലെ ജീവിക്കുവാൻ കഴിയുമെന്ന് തെളിയിച്ച ബാലൻ?
4. അഞ്ചപ്പം അയ്യായിരം പേർക്കായി വർദ്ധിപ്പിച്ചു നൽകിയപ്പോൾ അവ ഭക്ഷിച്ച പുരുഷന്മാർ എത്രയായിരുന്നു?
5. 2016-ലെ സീറോ മലബാർ സഭാദിനാഘോഷവേളയിൽ 'വൈദീകരത്നം' ബഹുമതി നൽകി ആദരിച്ച എറണാകുളം-അങ്കമാലി അതിരൂപതയിലെ വൈദീകൻ?

**ബ്രാക്കറ്റിൽനിന്നും ഏറ്റവും ശരിയായ ഉത്തരം എടുത്തെഴുതുക.** **1x 5=5**

6. സ്നേഹമുള്ള പിതാവ് തന്റെ മക്കൾക്കു ശ്രദ്ധാപൂർവ്വം നൽകിയ സമ്മാനം?
   (ബൈബിൾ, പ്രമാണങ്ങൾ, കൂദാശകൾ)
7. ബൈബിളിലെ ആകെ പുസ്തകങ്ങൾ?
   (73, 76, 74)
8. എല്ലാം സൃഷ്ടിച്ച ദൈവത്തെ സ്തുതിക്കുന്നതിന് ഫ്രാൻസിസ് അസ്സീസി രചിച്ചതാണ്?
   (സൂര്യകീർത്തനം, പ്രകൃതികീർത്തനം, ദൈവകീർത്തനം)
9. യേശു അഞ്ചപ്പം അയ്യായിരം പേർക്കായി വർദ്ധിപ്പിച്ച സമയം.
   (സായാഹ്നം, പ്രഭാതം, മദ്ധ്യാഹ്നം)
10. 2016-ലെ ആഗോള യുവജനസംഗമം നടന്നത് ഏതു രാജ്യത്തുവച്ച്?
   (ഇറ്റലി, പോളണ്ട്, ബ്രസീൽ)

**ദൈവവചനം എഴുതുക (ഏതെങ്കിലും രണ്ടെണ്ണം)** **1½x2=3**

1. ഉൽപത്തി 28:15. ''ഇതാ ഞാൻ നിന്നോടു...........................

12. യോഹന്നാൻ 13:35. ''ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ........................

13. പുറപ്പാട് 15:2. ''കർത്താവ് എന്റെ ശക്തിയും ............................

**ഉത്തരം എഴുതുക (ഏതെങ്കിലും മൂന്നെണ്ണം)** **2½ x 3=7½**

14. ചേരുംപടി ചേർക്കുക

| | | |
|---|---|---|
| യാക്കോബ് | - | ജനതകളുടെ പിതാവ് |
| മോശ | - | വാഗ്ദാന പുത്രൻ |
| ജോസഫ് | - | ദൈവവുമായി മൽപ്പിടുത്തം നടത്തിയവൻ |
| അബ്രാഹം | - | ഇസ്രായേലിന്റെ നേതാവ് |
| ഇസഹാക്ക് | - | ഈജിപ്റ്റിന്റെ ഗവർണ്ണർ |

15. ഇസ്രായേൽക്കാർ സന്തോഷത്തോടെ നിയമങ്ങൾ സ്വീകരിച്ചു. കാരണം എന്ത്?

16. പട്ടിക ക്രമപ്പെടുത്തുക

   'അബ്രാഹത്തിന്റെ ബലി' എന്ന തലക്കെട്ടിൽ അബ്രാഹം തന്റെ മകനെ ദഹനബലിയർപ്പിക്കാൻ ഒരുങ്ങിയ സംഭവമാണ് താഴെ കൊടുത്തിരിക്കുന്നത്. ഇത് ക്രമത്തിലെഴുതി പട്ടിക പൂർത്തിയാക്കാമോ?

   » അബ്രാഹം ദൈവകൽപന അനുസരിക്കുവാൻ തീരുമാനിച്ചു.
   » ഇസഹാക്കിനെ ബന്ധിച്ച് വിറകിനു മുകളിൽ കിടത്തി.
   » തൽക്ഷണം കർത്താവിന്റെ ദൂതൻ അബ്രാഹത്തെ വിളിച്ചു.
   » അബ്രാഹം തല ഉയർത്തി നോക്കിയപ്പോൾ കൊമ്പുടക്കി കിടക്കുന്ന ഒരു മുട്ടാടിനെ കണ്ടു.

» അബ്രാഹം ഇസഹാക്കിനെയുംകൊണ്ട് മോറിയ ദേശത്തേക്കു പോയി.
» മകനെ ബലികഴിക്കാൻ അദ്ദേഹം കത്തിയെടുത്തു.
» ഇസഹാക്ക് ചോദിച്ചു 'വിറകും തീയും ഉണ്ടല്ലോ. എന്നാൽ ദഹനബലിക്കുള്ള കുഞ്ഞാട് എവിടെ?
» ദൈവദൂതൻ പറഞ്ഞു 'കുട്ടിയുടെ മേൽ കൈ വയ്ക്കരുത്'.
» ഇസഹാക്കിനു പകരം മുട്ടാടിനെ ബലിയർപ്പിച്ചു.

17. ദൈവം ഇസ്രായേലുമായി ചെയ്ത ഉടമ്പടി വഴി ജനത്തിനു കൈവന്ന പ്രത്യേകതകൾ 1,2,3,4 നമ്പറുകളിൽ പൂരിപ്പിച്ച് ഉടമ്പടി പുഷ്പം പൂർത്തിയാക്കുക.




**ഉത്തരമെഴുതുക (ഏതെങ്കിലും ഒരെണ്ണം)** **2½x1=2½**

18. 7 വയസ്സുള്ളപ്പോൾ ഡൊമിനിക്കിന് ഒരാഗ്രഹമുണ്ടായി. എന്താണ് ആ ആഗ്രഹം? എപ്രകാരമാണത് സഫലമായത്?
19. ഏതു സംഘമാണ് നിസ്സാരസഹോദരങ്ങളുടെ സഭ എന്നറിയപ്പെടുന്നത്? അവരുടെ നിയമാവലിക്ക് അംഗീകാരം ലഭിച്ച സംഭവം വിവരിക്കുക.

**നമസ്കാരങ്ങൾ** **2½x2=5**

20. കാരുണ്യപ്രവൃത്തികൾ - ശാരീരികങ്ങൾ. ഏതെങ്കിലും അഞ്ചെണ്ണം എഴുതുക.
21. മനസ്താപ പ്രകരണം എഴുതുക.

**ഖണ്ഡിക എഴുതുക (ഏതെങ്കിലും ഒന്ന്)** **3x1=3**

22. രക്ഷാകര പദ്ധതിയിലെ ജോസഫിന്റെ പങ്കാളിത്തം
23. മോശയെ ശക്തിപ്പെടുത്താനായി ദൈവം നൽകിയ മൂന്ന് അടയാളങ്ങൾ

**24. പൊതു ചോദ്യം (ലഘുവിവരണം)** **4**

ലോകത്തിനു ലഭിച്ചിട്ടുള്ളതിൽ ഏറ്റവും മനോഹരമായ കൽപനയാണ് ഈശോ നൽകിയ സ്നേഹത്തിന്റെ കൽപന. ഈ കാരുണ്യ വർഷത്തിൽ ഈശോ നൽകിയ സ്നേഹത്തിന്റെ കൽപന കാരുണ്യമായ് - അനുകമ്പയായ് - വാത്സല്യമായ് നമ്മിലൂടെ മറ്റുള്ളവരിലേക്ക് ഒഴുകണം. ഇതിന് നിങ്ങളുടെ കുടുംബ, ദേവാലയ, വിദ്യാലയ അന്തരീക്ഷത്തിൽ കുട്ടികളായ നിങ്ങൾക്ക് എന്തു ചെയ്യാൻ കഴിയും എന്ന് വിശദീകരിക്കുക.

**24. ഇന്റേണൽ അസ്സെസ്സ്മെന്റ്** **15**

കുട്ടികളുടെ വിശുദ്ധ കുർബാനയിലെ പങ്കാളിത്തം (3 മാർക്ക്), വേദപാഠക്ലാസ്സിലെ ഭാഗഭാഗിത്വം (3 മാർക്ക്), ഫാമിലി യൂണിറ്റിലെ ഭാഗഭാഗിത്വം (2 മാർക്ക്), ഭക്തസംഘടനയിലെ ഭാഗഭാഗിത്വം (2 മാർക്ക്), മതാദ്ധ്യാപകന്റെ വിലയിരുത്തൽ (1 മാർക്ക്), പ്രവൃത്തി കേന്ദ്രീകൃത മതബോധന പ്രവർത്തനങ്ങൾ (4 മാർക്ക്) എന്നിവ കണക്കാക്കി അധ്യാപകൻ 15-ൽ മാർക്ക് നൽകുന്നു.

# എറണാകുളം – അങ്കമാലി അതിരൂപത മതബോധനകേന്ദ്രം
## സൺഡേ സ്ക്കൂൾ ഒന്നാം സെമസ്റ്റർ പരീക്ഷ

01 - 11 - 2015 | മാർക്ക് – 50

10.30 am - 12.30 pm | **STD - V** | സമയം – 2 മണിക്കൂർ

### ഉത്തരസൂചിക

***നിർദ്ദേശങ്ങൾ:*** *ഉത്തരങ്ങൾ എഴുതുമ്പോൾ ചിത്രങ്ങൾ വരയ്ക്കണമെന്നത് നിർബന്ധമില്ല. ചോയ്സ് നൽകിയിട്ടുള്ള വിഭാഗങ്ങൾ പ്രത്യേകം ശ്രദ്ധിക്കുക. ബ്രാക്കറ്റിൽ പറഞ്ഞിരിക്കുന്ന എണ്ണത്തിനു മാത്രമാണ് കുട്ടികൾ ഉത്തരമെഴുതാൻ ഉദ്ദേശിച്ചിട്ടുള്ളത് കൂടുതൽ എഴുതിയാലും ആദ്യമെഴുതിയിരിക്കുന്നവയാണ് പരിഗണിക്കേണ്ടത്.*

**ഒറ്റവാക്കിൽ ഉത്തരമെഴുതുക: 5**

1. സ്നേഹത്തിന്റെ കല്പന 8/59
2. മത്താ: 7/7-12
3. രണ്ടു പിശാചു ബാധിതർ മത്താ.8/28
4. മാർ. ജോസഫ് കൊടകല്ലിൽ. സത്യദീപം 2015 ജൂലൈ 23-29
5. ഗ്രിഗറി ഒമ്പതാമൻ മാർപ്പാപ്പ. വി. അറിയാൻ 1/12

**ബ്രാക്കറ്റിൽനിന്നും ഏറ്റവും ശരിയായ ഉത്തരം എടുത്തെഴുതുക. 5**

6. വെട്ടുകിളികൾ നിറയുന്നു. 6/43
7. റൂബൻ 4/28
8. രക്തസ്രാവക്കാരിയോട് Mt. 9/22
9. കേരളം. - സത്യദീപം 2015 ജൂലൈ 9-15
10. ഒക്ടോബർ 3. - വി. അറിയാൻ 1/13

**ദൈവവചനം എഴുതുക: (ഏതെങ്കിലും രണ്ടെണ്ണം) 3**

11. 3/27 : ഉല്പത്തി 28/15. ‘‘ഇതാ ഞാൻ......
12. 1/14 : സങ്കീ. 119/105. ‘‘അങ്ങയുടെ വചനം........
13. 7/55 : പുറപ്പാട് 33/14. ‘‘ഞാൻ തന്നെ...............

**ഉത്തരമെഴുതുക: (ഏതെങ്കിലും മൂന്നെണ്ണം) 7½**

14. **ചേരുംപടി ചേർക്കുക:**

| | | |
|---|---|---|
| അബ്രാഹം | - | ഊർ 2/15 |
| ജോസഫ് | - | ഈജിപ്തിന്റെ ഗവർണർ 5/36 |
| മോശ | - | ഉടമ്പടി ഫലകങ്ങൾ 9/63 |
| കാനാൻദേശം | - | സ്വപ്നഭൂമി 7/49 |
| യാബോക്ക് | - | അരുവി 3/25 |

15. 1/11
16. 9/65
17. 6/44, 45

**ഉത്തരമെഴുതുക: (ഏതെങ്കിലും ഒരെണ്ണം) 2½**

18. വി. അറിയാൻ 2/14-21
19. വി. അറിയാൻ 1/9

**നമസ്കാരങ്ങൾ**

20. നമസ്കാരങ്ങൾ : 24/15 — 3
21. നമസ്കാരങ്ങൾ :23/15 — 2

**ഖണ്ഡിക എഴുതുക (ഏതെങ്കിലും ഒരെണ്ണം) 3**

22. 5/38
23. 7/53

**24. പൊതുചോദ്യം 4**

25. ഇന്റേണൽ അസ്സെസ്സ്മെന്റ് 15

35 മാർക്കിനുള്ള ചോദ്യങ്ങളും 15 മാർക്കിന് ഇന്റേണൽ അസ്സെസ്സ്മെന്റുമാണ് പരീക്ഷയ്ക്കുള്ളത്. അധ്യയനവർഷത്തിന്റെ ആരംഭം മുതൽ ഇന്റേണൽ അസ്സെസ്സ്മെന്റ് കൃത്യമായി രേഖപ്പെടുത്തുന്നുണ്ടാകുമല്ലോ. (വചനദീപം പേജ് 32 കാണുക) പരീക്ഷയ്ക്ക് 35-ൽ കിട്ടുന്ന മാർക്കും ഒരുമിപ്പിച്ച് പേപ്പറിൽ മാർക്കിടണം. ഉദാ. 35-ൽ 28ഉം 15-ൽ 12ഉം കിട്ടിയ ഒരു കുട്ടിക്ക് 28/35 + 12/15 = 40/50 എന്ന് പേപ്പറിന്റെ മുകളിൽ എഴുതണം. അങ്ങനെ 35-ൽ 28ഉം മൊത്തത്തിൽ 40ഉം അതിൽ കൂടുതലും കിട്ടുന്ന പേപ്പറുകളാണ് അതിരൂപതയിലേക്ക് അയയ്ക്കേണ്ടത്. സ്കോളർഷിപ്പിന് അർഹരാകുന്ന കുട്ടികളുടെ ഇന്റേണൽ അസ്സെസ്സ്മെന്റ് മാർക്കിന്റെ വിശദ വിവരം അതിരൂപതയിൽനിന്നും ആവശ്യപ്പെടുമ്പോൾ നൽകാൻ (6 മാനദണ്ഡങ്ങൾക്കും പ്രത്യേകം പ്രത്യേകം : വചനദീപം പേജ് 32 കാണുക) അധ്യാപകർ തയ്യാറായിരിക്കണം.

# എറണാകുളം – അങ്കമാലി അതിരൂപത മതബോധനകേന്ദ്രം

## സൺഡേ സ്ക്കൂൾ ഒന്നാം സെമസ്റ്റർ പരീക്ഷ

**01 - 11 - 2015** | **മാർക്ക് – 50**

**10.30 am - 12.30 pm** | **സമയം – 2 മണിക്കൂർ**

## STD - V

***നിർദ്ദേശങ്ങൾ:*** *ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക. ഉത്തരങ്ങൾ എഴുതുമ്പോൾ ചിത്രങ്ങൾ വരയ്ക്കണമെന്നത് നിർബന്ധമില്ല. ചിത്രങ്ങളിൽ നൽകിയിരിക്കുന്ന ക്രമനമ്പർ എഴുതി ഉത്തരങ്ങൾ പൂർത്തിയാക്കാവുന്നതാണ് ചോയ്സ് നൽകിയിട്ടുള്ള വിഭാഗത്തിൽ ബ്രാക്കറ്റിൽ പറഞ്ഞിരിക്കുന്ന എണ്ണത്തിനു മാത്രമെ ഉത്തരമെഴുതാവൂ.*

**ഒറ്റവാക്കിൽ ഉത്തരമെഴുതുക:** **5**

1. സ്വർഗരാജ്യം ലക്ഷ്യമാക്കിയുള്ള യാത്രയിൽ അനുസരിക്കേണ്ട പ്രധാന കല്പന ഏത്?
2. പ്രാർത്ഥനയുടെ ശക്തിയെപ്പറ്റി വി. മത്തായിയുടെ സുവിശേഷത്തിൽ പ്രതിപാദിക്കുന്ന തിരുവചനഭാഗം എത്?
3. ദൈവപുത്രാ നീ എന്തിന് ഞങ്ങളുടെ കാര്യത്തിൽ ഇടപെടുന്നു? യേശുവിനോട് ഇങ്ങനെ പറഞ്ഞതാര്?
4. സത്നാ രൂപതയുടെ മെത്രാൻ?
5. വി. ഫ്രാൻസിസ് അസ്സീസിയെ വിശുദ്ധനായി പ്രഖ്യാപിച്ച മാർപ്പാപ്പ?

**ബ്രാക്കറ്റിൽനിന്നും ഏറ്റവും ശരിയായ ഉത്തരം എടുത്തെഴുതുക.** **5**

6. ഈജിപ്തിലേയ്ക്കയച്ച 10 ബാധകളിൽ 8-ാമത്തേത്?
   (ജലം രക്തമായി മാറുന്നു, മൃഗങ്ങൾ ചത്തൊടുങ്ങുന്നു, വെട്ടുകിളികൾ നിറയുന്നു.)
7. യാക്കോബിന്റെ മക്കളിൽ മൂത്തവൻ?
   (ജോസഫ്, ബെഞ്ചമിൻ, റൂബൻ)
8. ‘‘മകളെ ധൈര്യമായിരിക്കുക. നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു. യേശു ആരോടു പറഞ്ഞ വാക്കുകളാണിവ?
   (രക്തസ്രാവക്കാരിയോട്, ഭരണാധിപന്റെ മകളോട്, കാനാൻകാരിയോട്)
9. ഇന്ത്യയിൽ ഏറ്റവും കൂടുതൽ ക്രൈസ്തവരുള്ള സംസ്ഥാനം.
   (ഹിമാചൽപ്രദേശ്, കേരളം, ഡൽഹി)
10. വി. ഫ്രാൻസീസിന്റെ മരണം
    (ഒക്ടോബർ 3, ഒക്ടോബർ 4, ജൂലൈ 28)

**ദൈവവചനം എഴുതുക: (ഏതെങ്കിലും രണ്ടെണ്ണം)** **3**


11. ഉല്പത്തി 28:15. ‘‘ഇതാ ഞാൻ......
12. സങ്കീ. 119:105. ‘‘അങ്ങയുടെ വചനം........
13. പുറപ്പാട് 33/14. ‘‘ഞാൻ തന്നെ...............

**ഉത്തരമെഴുതുക: (ഏതെങ്കിലും മൂന്നെണ്ണം)** **7½**

14. **ചേരുംപടി ചേർക്കുക:**

| | | |
|---|---|---|
| അബ്രാഹം | – | സ്വപ്നഭൂമി |
| ജോസഫ് | – | ഊർ |
| മോശ | – | ഈജിപ്തിന്റെ ഗവർണർ |
| കാനാൻദേശം | – | അരുവി |
| യാബോക്ക് | – | ഉടമ്പടി ഫലകങ്ങൾ |

15. പഴയനിയമത്തിലെ ആദ്യത്തെ അഞ്ചു ഗ്രന്ഥങ്ങളുടെ ഉള്ളടക്കം ക്രമമായി എഴുതി ഫ്ളോ ചാർട്ട് നിർമ്മിക്കുക.



16. മോശയുടെ നിയമത്തിന്റെ രത്നച്ചുരുക്കം എന്ത്? അവ ഇസ്രായേൽക്കാരുടെ ജീവിതത്തെ എങ്ങനെ സ്വാധീനിച്ചു? അവർ അവയെ സ്വീകരിച്ചതെങ്ങനെ?

17. ഈജിപ്തിൽ നിന്നുള്ള മോചനത്തിന്റെ ഒരുക്കമായി ഇസ്രായേൽക്കാരുടെ ജീവിതത്തിൽ സംഭവിച്ച കാര്യങ്ങളാണ് താഴെ കൊടുത്തിരിക്കുന്നത്. അത് ക്രമത്തിൽ എഴുതി പട്ടിക ക്രമപ്പെടുത്താമോ?

- ഫറവോ പരാജയം സമ്മതിച്ചു.
- ഇസ്രായേൽജനം പെസഹാ ഒരുക്കി ഭക്ഷിച്ചു.
- കർത്താവിന്റെ ദൂതൻ അർദ്ധരാത്രിയിൽ ഈജിപ്തിലെ എല്ലാ ആദ്യജാതരെയും വധിച്ചു.
- രാജ്യം വിട്ടുപോകുവാൻ ഈജിപ്തുകാർ ഇസ്രായേൽക്കാരെ നിർബന്ധിച്ചു.
- മോശ വടിയെടുത്തു കടലിനുമീതെ നീട്ടി. കടലിനു നടുവിൽക്കൂടി വഴി തെളിഞ്ഞു.
- ഫറവോയും സൈന്യവും അവരെ പിന്തുടർന്നു.
- പിന്നാലെ വന്ന ഈജിപ്തുകാർ വെള്ളത്തിൽ മുങ്ങിച്ചത്തു.
- ഇസ്രായേൽജനം മരുഭൂമിയിലൂടെ യാത്ര ചെയ്ത് കടലിനു സമീപമെത്തി.
- കടലിലെ വഴിയിൽ വെള്ളം നിറഞ്ഞു.
- ഇസ്രായേൽജനം ഉണങ്ങിയ മണ്ണിലൂടെ നടന്ന് അക്കരെയെത്തി.



**ഉത്തരമെഴുതുക: (ഏതെങ്കിലും ഒരെണ്ണം)** **2½**

18. ഭൂമിയിലെ ഈ മാലാഖ ആരാണ്? തന്നിരിക്കുന്ന സൂചനകൾ വച്ച് ജീവചരിത്രം പൂർത്തിയാക്കുക.



------- എന്ന പ്രാർത്ഥന അവന് വലിയ ഇഷ്ടമായിരുന്നു. 1857-----ാം തിയതി ഈ മാലാഖയെ ദൈവം മടക്കി വിളിച്ചു. ----- ജൂൺ ------ാം തിയതി അദ്ദേഹത്തെ വിശുദ്ധനായി പ്രഖ്യാപിച്ചു. അങ്ങനെ...... മദ്ധ്യസ്ഥനും മാതൃകയുമായി ഒരു വിശുദ്ധനെ ലഭിച്ചു.

19. ജീവിതം തന്നെ ഒരു സുവിശേഷമാക്കുവാൻ ഫ്രാൻസ്സീസിന് പ്രചോദനം നൽകിയ വചനഭാഗം ഏതെന്ന് എഴുതി തിരുവചനം ഉദ്ധരിക്കുക.

**നമസ്കാരങ്ങൾ**

20. ബർണ്ണർദുപുണ്യവാന്റെ ജപം എഴുതുക. **3**

21. മൗലികസുകൃതങ്ങൾ ഏതെല്ലാം? **2**

**ഖണ്ഡിക എഴുതുക (ഏതെങ്കിലും ഒരെണ്ണം)** **3**

22. മോശയെ ശക്തിപ്പെടുത്തുന്നതിനായി ദൈവം നൽകിയ 3 അടയാളങ്ങൾ.

23. പഴയനിയമത്തിൽ ദൈവം വഴിനടത്തിയ വ്യക്തികൾ, വഴി നടത്തിയ വിധം, ഇസ്രായേൽക്കാരുടെ മരുഭൂമി യാത്ര നമുക്കു നൽകുന്ന പാഠം - എന്നിവ എഴുതുക.

**പൊതുചോദ്യം**

**ലഘുവിവരണം എഴുതുക** **4**

24. സ്കൂളിൽ നിങ്ങൾക്കു ചെയ്യാവുന്ന നന്മകൾ എന്തൊക്കെയാണ്? നന്മകൾ ചെയ്യാൻ പ്രതിബന്ധമായി നിൽക്കുന്ന കാര്യങ്ങളെ നിങ്ങൾ എപ്രകാരമാണ് നേരിടുക? വിവരിക്കുക.

25. ഇന്റേണൽ അസ്സെസ്സ്മെന്റ് **15**

കുട്ടികളുടെ വിശുദ്ധ കുർബാനയിലെ പങ്കാളിത്തം (3 മാർക്ക്), വേദപാഠക്ലാസ്സിലെ ഭാഗഭാഗിത്വം (3 മാർക്ക്), ഫാമിലി യൂണിറ്റിലെ ഭാഗഭാഗിത്വം (2 മാർക്ക്), ഭക്തസംഘടനയിലെ ഭാഗഭാഗിത്വം (2 മാർക്ക്), മതാദ്ധ്യാപകന്റെ വിലയിരുത്തൽ (1 മാർക്ക്), പ്രവൃത്തി കേന്ദ്രീകൃത മതബോധന പ്രവർത്തനങ്ങൾ (4 മാർക്ക്) എന്നിവ കണക്കാക്കി അധ്യാപകൻ 15-ൽ മാർക്ക് നൽകുന്നു.

# എറണാകുളം - അങ്കമാലി അതിരൂപത മതബോധനകേന്ദ്രം

## സൺഡേ സ്ക്കൂൾ ഒന്നാം സെമസ്റ്റർ പരീക്ഷ

**2 - 11 - 2014** **മാർക്ക് - 50**

**10.30 am - 12.30 pm** **STD - V** **സമയം - 2 മണിക്കൂർ**

***നിർദ്ദേശങ്ങൾ:*** *ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക. ഉത്തരങ്ങൾ എഴുതുമ്പോൾ ചിത്രങ്ങൾ വരയ്ക്കണമെന്നത് നിർബന്ധമില്ല. ചിത്രങ്ങളിൽ നൽകിയിരിക്കുന്ന ക്രമനമ്പർ എഴുതി ഉത്തരങ്ങൾ പൂർത്തിയാക്കാവുന്നതാണ്. ചോയ്സ് നൽകിയിട്ടുള്ള ചോദ്യവിഭാഗത്തിൽ ബ്രാക്കറ്റിൽ പറഞ്ഞിരിക്കുന്ന എണ്ണത്തിനു മാത്രമെ ഉത്തരമെഴുതാവൂ.*

**ഒറ്റവാക്കിൽ ഉത്തരമെഴുതുക.** **5**

1. ഇസ്രായേൽ ജനം ചെയ്ത ഏറ്റവും ഗൗരവമായ തെറ്റ് എന്തായിരുന്നു?
2. യേശു പഠിപ്പിച്ച പ്രാർത്ഥന ഏത്?
3. 'അവൻ നമ്മുടെ ബലഹീനതകൾ ഏറ്റെടുക്കുകയും രോഗങ്ങൾ വഹിക്കുകയും ചെയ്തു'' ആരുടെ പ്രവചനം?
4. ജപമാല ഭക്തിക്കായി പ്രത്യേകം പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന മാസം ഏത്?
5. വി. ഫ്രാൻസീസ് അസ്സീസിയുടെ അപരനാമം എന്ത്?

**ബ്രാക്കറ്റിൽ നിന്നും ഏറ്റവും ശരിയായ ഉത്തരം എടുത്തെഴുതുക** **4**

6. ബൈബിളിലെ ആദ്യഗ്രന്ഥം ഏത്?
   (വി. മത്തായിയുടെ സുവിശേഷം, ഉൽപത്തി, പഴയനിയമം)
7. ''മകനെ ധൈര്യമായിരിക്കുക. നിന്റെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു.'' യേശു ആരോട് പറഞ്ഞ വാക്കുകളാണിവ?
   (കുഷ്ഠരോഗിയോട്, തളർവാതരോഗിയോട്, ശതാധിപനോട്)
8. സീറോ മലബാർ സഭാദിനം?
   (ദുക്റാന തിരുനാൾദിനം, പന്തക്കുസ്ത തിരുനാൾദിനം, സ്വർഗ്ഗാരോഹണ തിരുനാൾദിനം)
9. വി. ക്ലാരയുടെ മൃതദേഹം സംസ്ക്കരിച്ച ദേവാലയം?
   (സാൻഡാമിയാനൊ, സാൻജോർജിയ, പോർസ്യുങ്കുലാ)

**ദൈവവചനം എഴുതുക (ഏതെങ്കിലും രണ്ടെണ്ണം)** **3**


10. പുറപ്പാട്:33:14 ''ഞാൻ തന്നെ നിന്നോടുകൂടെ......
11. യോഹ:13:34-35. ''ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ .........
12. മത്തായി:4:4. ''മനുഷ്യൻ.....

**ഉത്തരമെഴുതുക (ഏതെങ്കിലും മൂന്നെണ്ണം)** **7 ½**

13. ചേരുംപടി ചേർക്കുക.

| | | |
|---|---|---|
| ഇസഹാക്ക് | - | ദൈവത്തിന്റെ ഭവനം |
| ബഥേൽ | - | റബേക്ക |
| മോശ | - | കഠിനഹൃദയൻ |
| പഞ്ചഗ്രന്ഥി | - | വെള്ളത്തിൽ നിന്നെടുക്കപ്പെട്ടവൻ |
| ഫറവോ | - | പുറപ്പാട് |

14. പഞ്ചഗ്രന്ഥി എന്നറിയപ്പെടുന്ന അഞ്ച് പഴയനിയമ പുസ്തകങ്ങളുടെ പേരെഴുതി ഫ്ളോചാർട്ട് തയ്യാറാക്കുക.



15. ഫറവോയ്ക്കുണ്ടായ രണ്ട് സ്വപ്നങ്ങളാണ് താഴെ കൊടുത്തിരിക്കുന്നത്. ഈ സ്വപ്നങ്ങളെ ജോസഫ് എപ്രകാരമാണ് വ്യാഖ്യാനിച്ചത്?



16. 'അബ്രാഹം' എന്ന പേരിന്റെ അർത്ഥമെന്ത്? ദൈവം തന്റെ ഉടമ്പടിയിലൂടെ അബ്രാഹത്തിനു നൽകിയ വാഗ്ദാനങ്ങൾ ഏവ?.

**ഉത്തരമെഴുതുക (ഏതെങ്കിലും ഒരെണ്ണം)** **2 ½**

17. ചിത്രത്തിൽ കാണുന്ന 'പ്രകാശിക്കുന്ന പെൺകുട്ടി' എന്ന പേരിൽ അറിയപ്പെട്ടിരുന്ന വിശുദ്ധ ആരാണ്? തന്നിരിക്കുന്ന സൂചനകൾ വച്ച് ജീവചരിത്രം പൂർത്തിയാക്കുക.

1. ഇറ്റലിയിലെ.........നഗരത്തിലെ പ്രസിദ്ധമായ പ്രഭുകുടുംബത്തിലാണ് അവൾ ജനിച്ചത്.
2. 1194...നായിരുന്നു അവളുടെ ജനനം
3. അവളുടെ ആത്മീയഗുരു..................ആയിരുന്നു.
4. വിദൂരസ്ഥലങ്ങളിൽ പോയി......... നടത്തുവാൻ അവൾ ആഗ്രഹിച്ചു.



5. ...........ലൂടെ ഹൃദയം വികസിക്കുമെന്ന് അവൾക്കറിയാമായിരുന്നു.
6. സുവിശേഷം ആവശ്യപ്പെടുന്ന .................. ആണ് അവൾ സ്ഥാപിച്ച സഭയുടെ കാതൽ.
7. മരണത്തോടടുത്തപ്പോൾ അവൾക്ക് ഏറ്റവും ഇഷ്ടപ്പെട്ട......................പ്രാർത്ഥന സഹോദരി ആഗ്നസ് ചൊല്ലി.
8. ..................ന് അലക്സാണ്ടർ നാലാമൻ മാർപ്പാപ്പ ആ കന്യകയെ വിശുദ്ധ പദവിയിലേക്ക് ഉയർത്തി.

18. ഈ ലോകജീവിതത്തിന്റെ അന്ത്യത്തിൽ വി. ഫ്രാൻസിസ് അസ്സീസി എങ്ങനെയാണ് മരണത്തെ സ്വാഗതം ചെയ്തത്? ഇക്കാലത്ത് നമുക്കു വലിയ മാതൃകയും പ്രചോദനവുമായ ഈ പുണ്യവാന്റെ പുണ്യവചനവും സന്ദേശവും എഴുതുക.

**നമസ്ക്കാരങ്ങൾ**

19. മനുഷ്യന്റെ അന്ത്യങ്ങൾ എഴുതുക? **2**

20. മനസ്താപപ്രകരണം എഴുതുക. **3**

**ഖണ്ഡിക എഴുതുക (ഏതെങ്കിലും ഒരെണ്ണം)** **4**

21. അബ്രാഹം വിശ്വാസികളുടെ പിതാവായിത്തീർന്നതെങ്ങനെ?

22. രക്ഷാകര പദ്ധതിയിൽ ജോസഫിനുള്ള പങ്കാളിത്തം.

**പൊതുചോദ്യം** **4**

23. ഈശോയെ നിങ്ങൾക്കിഷ്ടമാണോ? ഈശോയിൽ നിങ്ങൾക്കിഷ്ടപ്പെട്ട പത്ത് ഗുണങ്ങൾ കണ്ടെത്തി ഈശോയെ പ്രശംസിച്ചുകൊണ്ട് ഈശോയ്ക്കൊരു കത്തെഴുതുക.

1. ..............................
2. ..............................
3. ..............................
4. ..............................
5. ..............................



6. ..............................
7. ..............................
8. ..............................
9. ..............................
10. ..............................

**24. ഇന്റേണൽ അസ്സെസ്മെന്റ്** **15**

കുട്ടികളുടെ വിശുദ്ധ കുർബാനയിലെ പങ്കാളിത്തം (3 മാർക്ക്), വേദപാഠക്ലാസ്സിലെ ഭാഗഭാഗിത്വം (3 മാർക്ക്), ഫാമിലിയൂണിറ്റിലെ ഭാഗഭാഗിത്വം (2 മാർക്ക്) ഭക്തസംഘടനയിലെ ഭാഗഭാഗിത്വം (2 മാർക്ക്), മതാദ്ധ്യാപകന്റെ വിലയിരുത്തൽ (1 മാർക്ക്), പ്രവൃത്തി കേന്ദ്രീകൃത മതബോധന പ്രവർത്തനങ്ങൾ (4 മാർക്ക്) എന്നിവ കണക്കാക്കി അധ്യാപകൻ 15-ൽ മാർക്ക് നൽകുന്നു.

# എറണാകുളം – അങ്കമാലി അതിരൂപത മതബോധനകേന്ദ്രം
## സൺഡേ സ്കൂൾ ഒന്നാം സെമസ്റ്റർ പരീക്ഷ

2 - 11 - 2014 | മാർക്ക് – 50

10.30 am - 12.30 pm | **STD - V** | സമയം – 2 മണിക്കൂർ

### ഉത്തരസൂചിക

***നിർദ്ദേശങ്ങൾ:*** *ഉത്തരങ്ങൾ എഴുതുമ്പോൾ ചിത്രങ്ങൾ വരയ്ക്കണമെന്നത് നിർബന്ധമില്ല. ചോയ്സ് നൽകിയിട്ടുള്ള വിഭാഗങ്ങൾ പ്രത്യേകം ശ്രദ്ധിക്കുക. ബ്രാക്കറ്റിൽ പറഞ്ഞിരിക്കുന്ന എണ്ണത്തിനു മാത്രമാണ് കുട്ടികൾ ഉത്തരമെഴുതാൻ ഉദ്ദേശിച്ചിട്ടുള്ളത്. കൂടുതൽ എഴുതി യാലും ആദ്യമെഴുതിയിരിക്കുന്നവ പരിഗണിക്കുക*

**ഒറ്റവാക്കിൽ ഉത്തരമെഴുതുക** **5**

1. വിഗ്രഹാരാധന 9/63.
2. സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ Mt.6:9
3. ഏശയ്യാ Mt.8/17
4. ഒക്ടോബർ – സത്യദീപം ജൂൺ 19–25/2014
5. രണ്ടാമത്തെ ക്രിസ്തു – വിശുദ്ധരെ അറിയാൻ 1/11.

**ബ്രാക്കറ്റിൽ നിന്നും ഏറ്റവും ശരിയായ ഉത്തരം എടുത്തെഴുതുക** **4**

6. ഉൽപത്തി – 2/15
7. തളർവാതരോഗിയോട് Mt.9/2
8. ദുക്റാന തിരുനാൾദിനം – സത്യദീപം ജൂലൈ 10–16/2014
9. സാൻജോർജിയ – വിശുദ്ധരെ അറിയാൻ 2/21.

**ദൈവവചനം എഴുതുക (ഏതെങ്കിലും രണ്ടെണ്ണം)** **3**

10. 7/55
11. 8/59
12. 1/10

**ഉത്തരമെഴുതുക (ഏതെങ്കിലും മൂന്നെണ്ണം)** **7 ½**

13. ചേരുംപടി ചേർക്കുക.

| | | |
|---|---|---|
| ഇസഹാക്ക് | – | റബേക്ക 3/22 |
| ബഥേൽ | – | ദൈവത്തിന്റെ ഭവനം 3/24 |
| മോശ | – | വെള്ളത്തിൽ നിന്നെടുക്കപ്പെട്ടവൻ 5/36 |
| പഞ്ചഗ്രന്ഥി | – | പുറപ്പാട് 1/11 |
| ഫറവോ | – | കഠിനഹൃദയൻ 6/43 |

14. 1/11
15. 4/30, 31
16. 2/16, 17

**ഉത്തരമെഴുതുക (ഏതെങ്കിലും ഒരെണ്ണം)** **2 ½**

17. വിശുദ്ധരെ അറിയാൻ 2/14-21.
18. വിശുദ്ധരെ അറിയാൻ 1/12-13

**നമസ്ക്കാരങ്ങൾ**

19. നമസ്ക്കാരങ്ങൾ No. 19/14 **2**
20. നമസ്ക്കാരങ്ങൾ No. 17/12 **3**

**ഖണ്ഡിക എഴുതുക (ഏതെങ്കിലും ഒരെണ്ണം)** **4**

21. 2/18,19
22. 4/32

**പൊതുചോദ്യം**

23. ഈശോയ്ക്കൊരു കത്ത് **4**

**24. ഇന്റേണൽ അസ്സെസ്സ്മെന്റ്** **15**

35 മാർക്കിനുള്ള ചോദ്യങ്ങളും 15 മാർക്കിന് ഇന്റേണൽ അസ്സെസ്മെന്റുമാണ് പരീക്ഷയ്ക്കുള്ളത്. അധ്യയനവർഷത്തിന്റെ ആരംഭം മുതൽ ഇന്റേണൽ അസ്സെസ്മെന്റ് കൃത്യമായി രേഖപ്പെടുത്തുന്നുണ്ടാകുമല്ലോ. (വചനദീപം പേജ് 28 കാണുക) പരീക്ഷയ്ക്ക് 35-ൽ കിട്ടുന്ന മാർക്കും, ഇന്റേണൽ അസ്സെസ്മെന്റിന് 15-ൽ കിട്ടുന്ന മാർക്കും ഒരുമിപ്പിച്ച് പേപ്പറിൽ മാർക്കിടണം. ഉദാ. 35-ൽ 28ഉം 15-ൽ 12ഉം കിട്ടിയ ഒരു കുട്ടിക്ക് 28/35 + 12/15 = 40/50 എന്ന് പേപ്പറിന്റെ മുകളിൽ എഴുതണം. അങ്ങനെ 35-ൽ 28ഉം മൊത്തത്തിൽ 40ഉം അതിൽ കൂടുതലും കിട്ടുന്ന പേപ്പറുകളാണ് അതിരൂപതയിലേക്ക് അയയ്ക്കേണ്ടത്. സ്കോളർഷിപ്പിന് അർഹരാകുന്ന കുട്ടികളുടെ ഇന്റേണൽ അസ്സെസ്മെന്റ് മാർക്കിന്റെ വിശദവിവരം അതിരൂപതയിൽനിന്നും ആവശ്യപ്പെടുമ്പോൾ നൽകാൻ (6 മാനദണ്ഡങ്ങൾക്കും പ്രത്യേകം പ്രത്യേകം : വചനദീപം പേജ് 28 കാണുക) അധ്യാപകർ തയ്യാറായിരിക്കണം.

# എറണാകുളം – അങ്കമാലി അതിരൂപത മതബോധനകേന്ദ്രം

## സൺഡേ സ്ക്കൂൾ ഒന്നാം സെമസ്റ്റർ പരീക്ഷ

10 - 11 - 2013 മാർക്ക് – 50

10.30 am - 12.30 pm **STD - V** സമയം – 2 മണിക്കൂർ

*നിർദ്ദേശങ്ങൾ: ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക. ഉത്തരങ്ങൾ എഴുതുമ്പോൾ ചിത്രങ്ങൾ വരക്കണമെന്നത് നിർബന്ധമില്ല. ചിത്രങ്ങളിൽ നൽകിയിരിക്കുന്ന ക്രമനമ്പർ എഴുതി ഉത്തരങ്ങൾ പൂർത്തിയാക്കാവുന്നതാണ്. ചോയ്സ് നൽകിയിട്ടുള്ള വിഭാഗങ്ങൾ പ്രത്യേകം ശ്രദ്ധിക്കുക. ബ്രാക്കറ്റിൽ പറഞ്ഞിരിക്കുന്ന എണ്ണത്തിനു മാത്രം ഉത്തരമെഴുതുക.*

**ഒറ്റവാക്കിൽ ഉത്തരമെഴുതുക** 4

1. സ്നേഹമുള്ള ദൈവപിതാവ് തന്റെ മക്കൾക്ക് ശ്രദ്ധാപൂർവ്വം നൽകിയ സമ്മാനം?
2. സാൻഡമിയാനോ പള്ളിയിലും സമീപത്തുള്ള വനത്തിലുമായി കഴിച്ചുകൂട്ടിയ ഫ്രാൻസിസ് അസ്സീസി കേട്ട ദൈവസ്വരം എന്തായിരുന്നു?
3. യേശുവിന്റെ ശിഷ്യരിൽ യാക്കോബ്, യോഹന്നാൻ എന്നിവരുടെ പിതാവാര്?
4. കുട്ടികൾക്കായുള്ള ആഗോള കത്തോലിക്കാ പ്രസ്ഥാനം?

**ബ്രാക്കറ്റിൽ നിന്നും ഉത്തരമെഴുതുക.** 4

5. ഇസ്രായേൽ ജനത്തിന്റെ സ്വപ്നഭൂമി?
   (ഈജിപ്ത്, കാനാൻ ദേശം, സീനായ്മല)
6. ''പൊയ്ക്കൊള്ളുക, നീ വിശ്വസിച്ചതുപോലെ നിനക്കുഭവിക്കട്ടെ'' എന്ന് യേശു അരുളിച്ചെയ്തത്.
   (കുഷ്ഠരോഗിയോട്, ശതാധിപനോട്, തളർവാതരോഗിയോട്)
7. വി.ക്ലാരയുടെ സഭയുടെ നിയമാവലിക്ക് ഒദ്യോഗിക അംഗീകാരം നൽകിയ മാർപാപ്പ?
   (അലക്സാണ്ടർ നാലാമൻ മാർപാപ്പ, ഇന്നസെന്റ് നാലാമൻ മാർപാപ്പ, ഫ്രാൻസിസ് മാർപാപ്പ)
8. രണ്ടാം വത്തിക്കാൻ സൂനഹദോസ് വിളിച്ചുകൂട്ടിയ മാർപാപ്പ
   (ജോൺ 23–ാമൻ പാപ്പ, പോൾ 6–ാമൻ പാപ്പ, ജോൺ പോൾ രണ്ടാമൻ പാപ്പ)

**പട്ടിക ക്രമപ്പെടുത്തുക:** 4

| | | | |
|---|---|---|---|
| 9. | അബ്രാം | പഞ്ചഗ്രന്ഥി | ബിബ്ലിയ |
| 10. | ബൈബിൾ | ഈജിപ്ത് | അബ്രാഹം |
| 11. | യഥാർത്ഥ ശിഷ്യൻ | വിശ്വാസം | സ്വർഗ്ഗരാജ്യം |
| 12. | ശതാധിപൻ | പിതാവിന്റെ ഇഷ്ടം നിറവേറ്റുക | കഫർണാം |

**ഉത്തരമെഴുതുക: (ഏതെങ്കിലും മൂന്നെണ്ണം)** 7½


13. മോശയുടെ ചരിത്രം നമുക്കു നൽകുന്ന സന്ദേശം എന്ത്?
14. ദൈവം ഇസ്രായേലുമായി ചെയ്ത ഉടമ്പടി അവരെ ഉടമ്പടിയുടെ ജനമാക്കി മാറ്റി. ഇതുവഴി ആ ജനത്തിന് കൈവന്ന പ്രത്യേകതകൾ എന്തൊക്കെയാണ്? ഏറ്റവും ശരിയായവ തിരഞ്ഞെടുത്ത് ഈ കല്പലകകളിൽ എഴുതാമോ?




1. ദൈവത്തോട് അവിശ്വസ്തത കാണിക്കാത്ത ജനമായി മാറി
2. ദൈവത്തിന്റെ സ്വന്തം ജനമായിത്തീർന്നു
3. ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ട ജനമായിത്തീർന്നു
4. അനുസരണയും വിധേയത്വവുമുള്ള ജനമായി മാറി
5. ദൈവത്തെ ആരാധിക്കുന്ന ജനമായി മാറി
6. ദൈവത്താൽ നയിക്കപ്പെടുന്ന ജനമായിത്തീർന്നു
7. ദൈവത്തിന് ബലിയർപ്പിക്കുന്ന പുരോഹിത ജനമായിത്തീർന്നു
8. വിഗ്രഹാരാധന ഇല്ലാതായി

15. എന്താണ് 'പെസഹാ'? ഇസ്രായേൽ ജനം എന്തിനുവേണ്ടിയാണ് പെസഹാത്തിരുന്നാൾ ആചരിച്ചിരുന്നത്?

16. ‘പഞ്ചഗ്രന്ഥി’ എന്നാൽ എന്ത്? അവ ക്രമത്തിൽ എഴുതി പദസൂര്യൻ പൂർത്തിയാക്കുക.




**ഉത്തരമെഴുതുക. (ഏതെങ്കിലും ഒരെണ്ണം)** **2½**

17. ചിത്രം കണ്ടുവല്ലോ? ദൈവത്തിന്റെ ഈ കുഞ്ഞു ദരിദ്രൻ ആരാണ്? തന്നിരിക്കുന്ന സൂചനകൾ മനസ്സിലാക്കി ജീവചരിത്രം പൂർത്തിയാക്കുക.

ഇറ്റലിയിലെ മനോഹരമായ ഒരു ചെറുനഗരമാണ് .........

അവിടെ ............................ ന് ജനിച്ചു.

.......എന്ന അപരനാമത്തിലാണ് അദ്ദേഹം അറിയപ്പെടുന്നത്.

.....എന്നും ദൈവത്തിന്റെ.......തന്നെയായിരുന്നു.



............. അദ്ദേഹം മരിച്ചു.

മരണത്തെ ........ എന്നു വിളിച്ചുകൊണ്ട് അദ്ദേഹം സ്വാഗതം ചെയ്തു.

1226 ...........-ാം തിയതി അദ്ദേഹം സ്വർഗ്ഗത്തിലേക്ക് യാത്രയായി.

1228 ജൂലൈ 28-ാം തിയതി......... മാർപാപ്പ ........ ആയി പ്രഖ്യാപിച്ചു.

18. വി.ക്ലാര തന്റെ ആത്മീയ ഗുരുവായ വി. ഫ്രാൻസീസിന്റെ ഉപദേശങ്ങൾക്കനുസരിച്ച് സ്വീകരിച്ച ജീവിതമാർഗ്ഗം എന്തൊക്കെയായിരുന്നു?

**നമസ്കാരങ്ങൾ**

19. വിശ്വാസപ്രമാണം എഴുതുക. **2½**

20. മനുഷ്യന്റെ അന്ത്യങ്ങൾ ഏവ? **2½**

**ഖണ്ഡിക എഴുതുക. (ഏതെങ്കിലും ഒരെണ്ണം)** **4**

21. യാക്കോബിന്റെ ദൈവാനുഭവം നമ്മുടേതായി മാറും. എപ്പോൾ?

22. ദൈവത്തിന്റെ പദ്ധതിയിൽ ജോസഫിന്റെ ജീവിതകഥ വ്യക്തമാക്കുന്നതെന്ത്?

**പൊതുചോദ്യം (കത്തെഴുതുക)** **4**

23.



സ്വന്തം അവശതകൾ മറന്ന് മറ്റുള്ളവരെ സഹായിക്കുന്ന നിങ്ങളുടെ ഈ കൂട്ടുകാരെ ശ്രദ്ധിക്കൂ. ഈശോയെ സ്നേഹിക്കുന്നത് പൂർണ്ണമാകുന്നത് സഹോദരങ്ങളെ സ്നേഹിക്കുമ്പോഴാണ്. വിശ്വാസം പ്രവർത്തിപഥത്തിലെത്തിക്കാൻ എനിക്ക് എന്തൊക്കെ ചെയ്യാൻ കഴിയും? വ്യക്തിപരമായ തീരുമാനങ്ങളെടുത്ത് അത് ഈശോയെ ഒരു കത്തിലൂടെ എഴുതി അറിയിക്കാം.

24. **ഇന്റേണൽ അസ്സെസ്മെന്റ്** **15**

കുട്ടികളുടെ വിശുദ്ധ കുർബ്ബാനയിലെ പങ്കാളിത്തം (4 മാർക്ക്), വേദപാഠക്ലാസ്സിലെ ഭാഗഭാഗിത്വം (4 മാർക്ക്), ഫാമിലിയൂണിറ്റിലെ ഭാഗഭാഗിത്വം (2 മാർക്ക്), ഭക്തസംഘടനകളിലെ ഭാഗഭാഗിത്വം (2 മാർക്ക്), മാതാപിതാക്കളുടെ ഭാഗത്തുനിന്നുള്ള സഹകരണം (1 മാർക്ക്), മതാദ്ധ്യാപകന്റെ വിലയിരുത്തൽ (2 മാർക്ക്) എന്നിവ കണക്കാക്കി അദ്ധ്യാപകൻ 15ൽ മാർക്ക് നൽകുന്നു.

## എറണാകുളം – അങ്കമാലി അതിരൂപത മതബോധനകേന്ദ്രം

## സൺഡേ സ്കൂൾ ഒന്നാം സെമസ്റ്റർ പരീക്ഷ

10 - 11 - 2013 | മാർക്ക് – 50

10.30 am - 12.30 pm | **STD - V** | സമയം – 2 മണിക്കൂർ

**ഉത്തരസൂചിക**

> ***നിർദ്ദേശങ്ങൾ:*** *ഉത്തരങ്ങൾ എഴുതുമ്പോൾ ചിത്രങ്ങൾ വരക്കണമെന്നത് നിർബന്ധമില്ല. ചോയ്സ് നൽകിയിട്ടുള്ള വിഭാഗങ്ങൾ പ്രത്യേകം ശ്രദ്ധിക്കുക. ബ്രാക്കറ്റിൽ പറഞ്ഞിരിക്കുന്ന എണ്ണത്തിനു മാത്രമാണ് കുട്ടികൾ ഉത്തരമെഴുതാൻ ഉദ്ദേശിച്ചിട്ടുള്ളത്. കൂടുതൽ എഴുതിയാലും ആദ്യമെഴുതിയിരിക്കുന്നവ പരിഗണിക്കുക*

**ഒറ്റവാക്കിൽ ഉത്തരമെഴുതുക** 4

1. പ്രമാണങ്ങൾ 8/59
2. എന്റെ ദേവാലയം പുതുക്കിപ്പണിയുക വിശുദ്ധരെ അറിയാൻ 1/8
3. സെബദി മത്താ 10/2
4. തിരുബാലസഖ്യം സത്യദീപം, ഒക്ടോബർ 2, 2013

**ബ്രാക്കറ്റിൽ നിന്നും ശരിയായ ഉത്തരം എടുത്തെഴുതുക** 4

5. കാനാൻ ദേശം 7/49
6. ശതാധിപനോട് മത്തായി 8/13
7. ഇന്നസെന്റ് നാലാമൻ പാപ്പ വിശുദ്ധരെ അറിയാൻ, 2/20
8. ജോൺ 23-ാമൻ പാപ്പ (സത്യദീപം, ആഗസ്റ്റ് 14, 2013)

**പട്ടിക ക്രമപ്പെടുത്തുക** 4

| | | | |
|---|---|---|---|
| 9. | അബ്രാം | ഈജിപ്ത് | അബ്രാഹം |
| 10. | ബൈബിൾ | പഞ്ചഗ്രന്ഥി | ബിബ്ലിയ |
| 11. | യഥാർത്ഥ ശിഷ്യൻ | പിതാവിന്റെ ഇഷ്ടം നിർവഹിക്കുക | സ്വർഗ്ഗരാജ്യം |
| 12. | ശതാധിപൻ | വിശ്വാസം | കഫർണാം |

**ഉത്തരമെഴുതുക (ഏതെങ്കിലും മൂന്നെണ്ണം)** 7½

13. 5/40
14. 9/64
15. 6/46
16. 1/11

**ഉത്തരമെഴുതുക. (ഏതെങ്കിലും ഒരെണ്ണം)** 2½

17. വിശുദ്ധരെ അറിയാൻ 1/11-12
18. വിശുദ്ധരെ അറിയാൻ 2/17-18

**നമസ്കാരങ്ങൾ**

19. നമസ്കാരങ്ങൾ പേജ് 6 2½
20. നമസ്കാരങ്ങൾ പേജ് 14 2½

**ഖണ്ഡിക എഴുതുക (ഏതെങ്കിലും ഒരെണ്ണം)** 4

21. 3/25
22. 4/32
23. പൊതുചോദ്യം 4

**24. ഇന്റേണൽ അസ്സെസ്മെന്റ്** 15

35 മാർക്കിനുള്ള ചോദ്യങ്ങളും 15 മാർക്കിന് ഇന്റേണൽ അസ്സെസ്മെന്റുമാണ് പരീക്ഷയ്ക്കുള്ളത്. അദ്ധ്യയനവർഷത്തിന്റെ ആരംഭം മുതൽ ഇന്റേണൽ അസ്സെസ്മെന്റ് കൃത്യമായി രേഖപ്പെടുത്തുന്നുണ്ടാകുമല്ലോ. (വചനദീപം പേജ് 8-12 കാണുക). പരീക്ഷയ്ക്ക് 35-ൽ കിട്ടുന്ന മാർക്കും, ഇന്റേണൽ അസ്സെസ്മെന്റിന് 15-ൽ കിട്ടുന്ന മാർക്കും ഒരുമിപ്പിച്ച് പേപ്പറിൽ മാർക്കിടണം. ഉദാഹരണമായി 35-ൽ 30ഉം 15-ൽ 8ഉം കിട്ടിയ ഒരു കുട്ടിക്ക് $30+8 = \frac{38}{50}$ എന്ന് പേപ്പറിന്റെ മുകളിൽ എഴുതണം. അങ്ങനെ 40-ഉം അതിൽ കൂടുതലും കിട്ടുന്ന പേപ്പറുകളാണ് അതിരൂപതയിലേക്ക് അയക്കേണ്ടത്. സ്കോളർഷിപ്പിന് അർഹരാകുന്ന കുട്ടികളുടെ ഇന്റേണൽ അസ്സെസ്മെന്റ് മാർക്കിന്റെ വിശദവിവരം അതിരൂപതയിൽ നിന്നും ആവശ്യപ്പെടുമ്പോൾ നൽകാൻ (ആറുമാനദണ്ഡങ്ങൾക്കും പ്രത്യേകം പ്രത്യേകം: വചനദീപം പേജ് 9 കാണുക) അധ്യാപകർ തയ്യാറായിരിക്കണം.

## എറണാകുളം – അങ്കമാലി അതിരൂപത മതബോധനകേന്ദ്രം
## സൺഡേ സ്കൂൾ – ഒന്നാം സെമസ്റ്റർ പരീക്ഷ

06-11-2011 മാർക്ക് : 50
സമയം: 2 മണിക്കൂർ 10.30 am - 12.30 pm

### STD V

### PART - A

**ഒറ്റവാക്കിൽ ഉത്തരം പറയുക** 5

1. ഇസ്രേയാൽക്കാരുടെ ബന്ധങ്ങളുടെ അടിസ്ഥാനം?
2. ലോകത്തിന് ലഭിച്ചിട്ടുള്ളതിൽ വച്ച് ഏറ്റവും മനോഹരമായ കല്പന?
3. 'ബൈബിൾ' എന്ന വാക്കിന്റെ അർത്ഥം?
4. അബ്രാമിന് വെല്ലുവിളി ലഭിച്ച സ്ഥലം?
5. 'പെസഹാ' എന്ന വാക്കിന്റെ അർത്ഥം?

**ബ്രാക്കറ്റിൽ നിന്നും ഏറ്റവും ശരിയായ ഉത്തരം എടുത്തെഴുതുക** 5

6. ബൈബിളിലെ ആദ്യഗ്രന്ഥം?
(വി.മത്തായിയുടെ സുവിശേഷം, ഉല്പത്തി, വെളിപാട്)
7. യാക്കോബിന്റെ മക്കളിൽ മൂത്തയാൾ?
(ജോസഫ്, ബഞ്ചമിൻ, റൂബൻ)
8. ഇസ്രായേൽ ജനത്തിന്റെ സ്പ്നഭൂമി?
(ഈജിപ്ത്, കാനാൻദേശം, സീൻ മരുഭൂമി)
9. ബൈബിളിലെ ആകെ പുസ്തകങ്ങളുടെ എണ്ണം?
(73, 27, 46)
10. ദൈവം മോശയോട് സംസാരിച്ച സ്ഥലം?
(സമാഗമ കൂടാരം, ഹൊറീബ്, ഈജിപ്ത്)

**ചേരുംപടി ചേർക്കുക** 5

| | | |
|---|---|---|
| 11. | ബഥേൽ | - വെള്ളത്തിൽ നിന്ന് എടുക്കപ്പെട്ടവൻ |
| 12. | മോശ | - റംസേസ് |
| 13. | യാബോക്ക് | - ദൈവത്തിന്റെ ഭവനം |
| 14. | ദൈവവചനം | - അരുവി |
| 15. | അബ്രാഹം | - ജീവദായകം |
| | | ഊർ |

**രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരം പറയുക (ഏതെങ്കിലും രണ്ടെണ്ണം)** 6

16. പത്തുകല്പനകൾ 'മോശയുടെ നിയമം' എന്നറിയപ്പെടുന്നതന്തുകൊണ്ട്?
17. ഈശോ നൽകിയ പുതിയ കല്പന
18. ഫറവോയുടെ സ്പ്നത്തിന് ജോസഫ് നൽകിയ വ്യാഖ്യാനം

**ഖണ്ഡിക എഴുതുക** 4

19. കർത്താവിന്റെ പെസഹാ എങ്ങനെ ആയിരിക്കണമെന്നാണ് അവിടുന്ന് കല്പിച്ചത്?

### PART - B

20. വെള്ളത്തിനു മീതെ നടന്ന യേശുവിനെ കണ്ട് പരിഭ്രമിച്ച ശിഷ്യരോട് അവിടുന്ന് അരുളിച്ചെയ്ത വചനം 1
21. കൊർബാൻ എന്ന വാക്കിന്റെ അർത്ഥം 1
22. 'നീ ക്രിസ്തുവാണ് 'എന്ന വാക്കിന്റെ അർത്ഥം 1
23. പിശാചു ബാധയിൽ നിന്ന് വിമുക്തനായ മനുഷ്യൻ യേശുവിനെ പ്രഘോഷിച്ച സ്ഥലം? 1
24. സീറോ മലബാർ സഭയുടെ ഇപ്പോഴത്തെ തലവൻ 1
25. ഭാരതത്തിൽ നിന്നുള്ള പ്രഥമ വിശുദ്ധ 1
26. വി.ഫ്രാൻസീസ് അസ്സീസി രചിച്ച പ്രാർത്ഥന 1
27. വി.ക്ലാരയുടെ ശരീരം സംസ്ക്കരിച്ച സ്ഥലം 1
28. വി.ക്ലാരയുടെ സന്ദേശം എഴുതുക 2
29. വി.ഫ്രാൻസീസ് അസ്സീസിയുടെ പുണ്യവചനം എഴുതുക 2
30. മനസ്താപപ്രകരണം എഴുതുക 2
31. മനുഷ്യന്റെ അന്ത്യങ്ങൾ ഏവ? 2

**32. ലഘുവിവരണം എഴുതുക** 4
ഒരു ക്രൈസ്തവനെന്ന നിലയിൽ ദൈവത്തിനും മനുഷ്യർക്കും ഇഷ്ടപ്പെട്ട ജീവിതം നയിക്കുവാൻ എനിക്ക് എങ്ങനെ സാധിക്കും? വിശദമാക്കുക.

**33. ഇന്റേണൽ അസെസ്സ്മെന്റ്** 5
ഓരോ വിദ്യാർത്ഥിയുടേയും കൗദാശിക ജീവിതം, ദേവാലയത്തിലെ പെരുമാറ്റം, അച്ചടക്കം, സ്വഭാവവിശേഷതകൾ, സേവനമനോഭാവം, സാമൂഹ്യപ്രതിബദ്ധത, മതബോധനത്തിനോടുള്ള താല്പര്യം, മാനസിക പക്വത, ഇവയെല്ലാം വിലയിരുത്തി അധ്യാപകൻ മാർക്ക് നൽകുന്നു.